## നിശ്ചിതകാല തൊഴിലാളിയെ ഒരു മാസത്തെ നോട്ടീസ് നല്കാതെ പിരിച്ചുവിട്ടതിൽ തെറ്റില്ല

## ഝാർഖണ്ഡ് ഹൈക്കോടതി

W.P. (S) No. 1832/2020 Dt. 6.10.2020

ചന്ദ്രശേഖർ x സ്റ്റേറ്റ് ഓഫ് ഝാർഖണ്ഡ്

സ്ഥാപനത്തിലെ ധനകാര്യ വിഭാഗത്തിൽ സീനിയർ കൺസൽറ്റന്റ് എന്ന തസ്തികയിൽ മൂന്ന് വർഷത്തേക്കാണ് തൊഴിലാളി നിയമിതനായത്. എന്നിരുന്നാലും ഓരോ വർഷം കഴിയുമ്പോഴും തൊഴിലാളിയുടെ പ്രവർത്തന മികവ് വിലയിരുത്തുകയും തൃപ്തികരമാണെങ്കിൽ മാത്രമേ അടുത്ത വർഷത്തേക്ക് സേവനം ദീർഘിപ്പിക്കുകയുള്ളൂവെന്നും അതിനു മുമ്പ് ഒരു മാസത്തെ നോട്ടീസ് നല്കുന്നതാണെന്നും കരാറിൽ വ്യക്തമാക്കിയിരുന്നു. ഇപ്രകാരമുള്ള വ്യവസ്ഥയിൽ ജോലി ചെയ്തുകൊണ്ടിരിക്കെ തൊഴിലാളിയുടെ അശ്രദ്ധയും അവഗണനയും മൂലം വലിയൊരു തുക പിഴയായി ആദായ നികുതി വകുപ്പിന് നല്കാൻ സ്ഥാപനം നിർബ്ബന്ധിതമായി. ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പേ തൊഴിലാളിയുടെ സേവനം തൃപ്തികരമല്ലെന്ന് മേനേജ്മെന്റിന് ബോധ്യപ്പെട്ടു. തുടർന്ന് തൊഴിലാളിക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കുകയും അയാളുടെ വിശദീകരണം കൂടി പരിഗണിച്ചതിനു ശേഷം മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിടുകയും ചെയ്തു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. മൂന്ന് വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട തന്നെ സ്വാഭാവിക നീതിയുടെ തത്ത്വങ്ങൾ പാലിക്കാതെയും കരാറിലെ വ്യവസ്ഥകൾ പാലിക്കാതെയും ജോലിയിൽ നിന്ന് പിരിച്ചുവിട്ടത് റദ്ദാക്കണമെന്ന് തൊഴിലാളി ആവശ്യപ്പെട്ടു. പിരിച്ചുവിടുന്നതിനു മുമ്പ് ഒരു മാസത്തെ നോട്ടീസ് നല്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടെന്ന് അയാൾ ചൂണ്ടിക്കാട്ടി. നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ടാണ് തൊഴിലാളിയെ പിരിച്ചുവിട്ടതെന്നും ഒരു മാസത്തെ നോട്ടീസ് നല്കണമെന്ന വ്യവസ്ഥ പാലിച്ചില്ലെങ്കിലും പിരിച്ചുവിടൽ നടപടി അസാധുവാകില്ലെന്നും മേനേജ്മെന്റ് വാദിച്ചു. കരാർ തൊഴിലാളികളെ പിരിച്ചുവിടുമ്പോൾ ഒരു മാസത്തെ നോട്ടീസ് നല്കണമെന്ന് നിയമവ്യവസ്ഥയില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കരാറിലെ പ്രസ്തുത വ്യവസ്ഥ പാലിച്ചില്ലെങ്കിൽ പിരിച്ചുവിടൽ അസാധുവാകുമെന്ന വ്യവസ്ഥ കരാറിലില്ലാത്തതിനാലും അത്തരം വ്യവസ്ഥ നിയമത്തിലില്ലാത്തതിനാലും ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പേ സേവനം തൃപ്തികരമല്ലെന്ന കാരണത്താൽ ഒരു മാസത്തെ നോട്ടീസ് നല്കാതെ തൊഴിലാളിയെ പിരിച്ചുവിട്ടതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി തൊഴിലാളിയുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.